

# ഖുർആൻ ബോധനം



എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

وَلَقَدْ نَعْلَمُ أَنَّهُمْ يَقُولُونَ إِنَّمَا يُعَلِّمُهُۥ بَشَرٌ ۗ لِّسَانُ ٱلَّذِى يُلْحِدُونَ إِلَيْهِ
أَعْجَمِىٌّ وَهَٰذَا لِسَانٌ عَرَبِىٌّ مُّبِينٌ ﴿١٠٣﴾

إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ لَا يَهْدِيهِمُ ٱللَّهُ وَلَهُمْ عَذَابٌ أَلِيمٌ ﴿١٠٤﴾

إِنَّمَا يَفْتَرِى ٱلْكَذِبَ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ ۖ وَأُو۟لَٰٓئِكَ هُمُ
ٱلْكَٰذِبُونَ ﴿١٠٥﴾

**103.** ഇയാൾക്ക് ഒരു മനുഷ്യൻ തന്നെ പഠിപ്പിച്ചു കൊടുക്കുന്നതാണീ വചനങ്ങളെന്ന് അവിശ്വാസികൾ പറയുന്നുണ്ടെന്ന് നമുക്ക് നന്നായറിയാം. അവർ ചൂണ്ടിക്കാണിക്കുന്ന മനുഷ്യൻ അനറബിയാകുന്നു. ഈ വചനങ്ങളോ, ശുദ്ധ അറബിഭാഷയും.

**104.** ദൈവിക സൂക്തങ്ങളിൽ വിശ്വസിക്കാൻ കൂട്ടാക്കാത്തവരെ അല്ലാഹു സന്മാർഗത്തിലേക്കു നയിക്കുകയില്ല. നോവേറിയ ശിക്ഷയാണവർക്കുള്ളത്.

**105.** പ്രവാചകനല്ല; ദൈവിക സൂക്തങ്ങൾ അംഗീകരിക്കാത്തവർ തന്നെയാകുന്നു സത്യത്തിൽ കള്ളം കെട്ടിച്ചമക്കുന്നത്. കള്ളം പറയുന്നവരും അവർ തന്നെയാണ്.

وَلَقَدْ نَعْلَمُ = തീർച്ചയായും നാം നല്ലവണ്ണം അറിയുന്നു أَنَّهُمْ = അവർ (അവിശ്വാസികൾ) يَقُولُونَ = അവർ പറയുന്നു(ണ്ടെന്നു)
إِنَّمَا يُعَلِّمُهُۥ بَشَرٌ = (ഈ വചനങ്ങൾ) ഇയാൾക്ക് പഠിപ്പിക്കുന്നത് മനുഷ്യൻ തന്നെയാകുന്നു لِّسَانُ = നാവ്, ഭാഷ
ٱلَّذِى يُلْحِدُونَ إِلَيْهِ = യാതൊരുവനിലേക്കാണോ അവർ ചായുന്നത് അവൻ(അവർ ചൂണ്ടിക്കാണിക്കുന്ന മനുഷ്യൻ)
أَعْجَمِىٌّ = അനറബിയാകുന്നു وَهَٰذَا = ഇത് (ഈ വചനങ്ങൾ) لِسَانٌ عَرَبِىٌّ = അറബി ഭാഷയാകുന്നു
مُّبِينٌ = തെളിഞ്ഞ, ശുദ്ധമായ إِنَّ ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ = ദൈവിക സൂക്തങ്ങൾ വിശ്വസിക്കാൻ കൂട്ടാക്കാത്തവർ
لَا يَهْدِيهِمُ ٱللَّهُ = അവരെ അല്ലാഹു സന്മാർഗത്തിലേക്കു നയിക്കുകയില്ല(എന്നതാകുന്നു യാഥാർഥ്യം)
وَلَهُمْ عَذَابٌ أَلِيمٌ = അവർക്കുള്ളത് നോവേറിയ ശിക്ഷയാണ് إِنَّمَا يَفْتَرِى ٱلْكَذِبَ = (പ്രവാചകനല്ല) കള്ളം കെട്ടിച്ചമക്കുന്നത്
ٱلَّذِينَ لَا يُؤْمِنُونَ بِـَٔايَٰتِ ٱللَّهِ = ദൈവിക സൂക്തങ്ങൾ അംഗീകരിക്കാത്തവർ തന്നെയാകുന്നു
وَأُو۟لَٰٓئِكَ هُمُ = അവർ തന്നെയാകുന്നു ٱلْكَٰذِبُونَ = കള്ളം പറയുന്നവരും

**103, 104.** വിശുദ്ധ ഖുർആനിനെക്കുറിച്ച് ഖുറൈശികൾ പ്രചരിപ്പിച്ചിരുന്ന ഒരാരോപണം ഇതായിരുന്നു: ഇയാൾ വേദ പ്രമാണങ്ങളെന്ന പേരിൽ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന വചനങ്ങൾ ഒരു മനുഷ്യനിൽ നിന്നുതന്നെ പഠിച്ചെടു

ക്കുന്നതാണ്. ദൈവം അവന്റെ മലക്കിനെ അയച്ചു തന്നെ പഠിപ്പിക്കുന്ന ദൈവിക വചനങ്ങളാണതെന്നൊക്കെപ്പറയുന്നത് ആളുകളെ പറ്റിക്കാനാണ്. ദൈവത്തിന്റെയും മലക്കിന്റെയും പേരു പറഞ്ഞ് നമ്മെ വിരട്ടി വശത്താക്കാൻ നോക്കുകയാണയാൾ.

ഒരു മനുഷ്യൻ –بَشَرٌ– എന്നേ ഖുർആൻ പറയുന്നുള്ളൂ. അതാരാണെന്ന് വ്യക്തമാക്കുന്നില്ല. അവിശ്വാസികൾ ആ മനുഷ്യനെ ചൂണ്ടിക്കാണിച്ചിരുന്നുവെന്ന് തുടർന്നുള്ള വാക്യത്തിൽ നിന്നു വ്യക്തമാകുന്നുണ്ട്. ഖുർആൻ പരിഗണിക്കുന്നത് അവരുടെ ആരോപണവും അതിന്റെ മറുപടിയും ആയതുകൊണ്ട് അതുമായി ബന്ധപ്പെട്ട വ്യക്തി ആരാണെന്നത് അപ്രസക്തമായതുകൊണ്ടാവാം ഇത്. സൂചിപ്പിക്കപ്പെട്ട വ്യക്തിയെക്കുറിച്ച വിവിധ നിവേദനങ്ങൾ വ്യത്യസ്ത പേരുകളാണ് പറയുന്നത്. ആമിറുബ്നു ഹദ്റമി, ജബ്ർ, ആയിശ്, യാസർ, ബൽആം, ബൽആൻ, സൽമാനുൽ ഫാരിസി എന്നിങ്ങനെ പോകുന്നു ആ പേരുകൾ. ഇവരെല്ലാം അറേബ്യക്കു പുറത്തുനിന്ന് അടിമകളായും മറ്റും മക്കയിലെത്തിയവരായിരുന്നു. ആർക്കും അറബി ഭാഷ ശരിക്കറിയുമായിരുന്നില്ല. എന്നാൽ സ്വന്തം ഭാഷയിൽ അക്ഷര ജ്ഞാനമുള്ളവരും സ്വന്തം വേദങ്ങൾ വായിക്കുന്നവരുമായിരുന്നു. ഈ സൂക്തത്തിന്റെ അവതരണ പശ്ചാത്തലം സംബന്ധിച്ച് അബ്ദുല്ലാഹിബ്നു മുസ്ലിമിൽ ഹദ്റമിയിൽനിന്ന് ഇബ്നു അബീഹാതിം ഉദ്ധരിച്ച ഒരു നിവേദനത്തിൽ ഇങ്ങനെ കാണുന്നു: അദ്ദേഹം പറഞ്ഞു: ഞങ്ങൾക്ക് രണ്ട് അടിമകളുണ്ടായിരുന്നു. ഒരാൾ യാസർ. രണ്ടാമൻ ജബർ. രണ്ടു പേരും സിസിലിക്കാരായിരുന്നു. ഇരുവരും, സാക്ഷരരും തങ്ങളുടെ അറിവുകൾ പഠിപ്പിക്കുന്നവരുമായിരുന്നു. നബി(സ) പലപ്പോഴും അവർക്കരികിലൂടെ നടന്നുപോകാറുണ്ട്. അപ്പോൾ തിരുമേനി അവരുടെ വായന ശ്രദ്ധിച്ചുകേൾക്കുമായിരുന്നു. അതുകൊണ്ട് അവിശ്വാസികൾ പറയാൻ തുടങ്ങി. ദാ, ഇവരിൽനിന്നാണ് അയാൾ ഈ വചനങ്ങൾ പഠിച്ചെടുക്കുന്നത്.” ഈ സന്ദർഭത്തിൽ ഈ സൂക്തം അവതരിച്ചു.

മിക്ക നിവേദനവും പറയുന്നത് അതിൽ പറയുന്ന അടിമയെ കണ്ടുമുട്ടുമ്പോൾ പ്രവാചകൻ അവരുമായി സംസാരിക്കാറുണ്ടായിരുന്നുവെന്നും അതാണ് ഖുറൈശികളുടെ ആരോപണത്തിനാധാരമെന്നുമാണ്. ഒരു പക്ഷേ, ഇപ്പറയുന്ന ഓരോരുത്തരുമായും തിരുമേനി സംസാരിച്ചിട്ടുണ്ടാവാം. അക്കൂട്ടത്തിൽ സൽമാനുൽ ഫാരിസിയെപ്പോലുള്ള ചിലർ പിന്നീട് ഇസ്ലാം സ്വീകരിച്ചു. അങ്ങനെ മുസ്ലിംകളായവർ പറഞ്ഞത് പ്രവാചകനെ തങ്ങൾ ഒന്നും പഠിപ്പിക്കുകയായിരുന്നില്ല; പ്രത്യുത പ്രവാചകൻ തങ്ങൾക്ക് ഇസ്ലാം പഠിപ്പിക്കുകയായിരുന്നുവെന്നാണ്. ഏതായാലും ഈയാളുകളെല്ലാം അറബി ഭാഷ നന്നായി കൈകാര്യം ചെയ്യാനാവാത്തവരായിരുന്നു എന്നകാര്യം അവരോ ഖുറൈശികളോ മറ്റുള്ളവരോ നിഷേധിക്കുന്നില്ല. اعجمൽ നിന്നുള്ളതാണ് أَعْجَمِيٌّ. ഭാഷാർഥത്തിൽ ഊമയും മിണ്ടാപ്രാണിയുമാണ് أعجم. അറബികൾ തങ്ങളുടെ ഭാഷ ശരിക്കു സംസാരിക്കാത്തവരെയെല്ലാം أَعْجَمِيٌّ എന്നു വിളിച്ചു. അറബി ഭാഷാ പരിജ്ഞാനമില്ലാത്ത ധാരാളം പേർഷ്യക്കാർ അറേബ്യയിൽ വരാറുണ്ടായിരുന്നു. അങ്ങനെ أَعْجَمِيٌّ ന് പേർഷ്യക്കാരൻ എന്ന അർഥമുണ്ടായി. പിന്നീട് എല്ലാ വിദേശികളും അഅ്ജമികളായി. പക്ഷേ, അഅ്ജമിയാവാൻ വിദേശിയാവണമെന്നില്ല. അറബി വംശജനായാലും ഉച്ചാരണ ശുദ്ധിയോടെ സംസാരിക്കാത്തവൻ അഅ്ജമിയാണ്.

ഖുർആന്റെ രചയിതാക്കളും പ്രവാചകന്റെ അധ്യാപകരുമായി അവർ ചൂണ്ടിക്കാണിക്കുന്ന വ്യക്തികളാരും അറബി ഭാഷാ പരിജ്ഞാനമുള്ളവരല്ല എന്നതുതന്നെ അവരുടെ ആരോപണത്തെ ഖണ്ഡിതമായി നിഷേധിക്കുന്നു. ഗായകനെ പാട്ടുപാടിപ്പിക്കുന്നത് ഊമയാണെന്നോ പക്ഷിയെ പറക്കാൻ പഠിപ്പിക്കുന്നത് ആനയാണെന്നോ പറയുന്നതു പോലെ അസംബന്ധമാണത്. ഖുർആൻ ശുദ്ധവും സാഹിതീയവും സുന്ദരവുമായ അറബി ഭാഷയിലാണ്. താൽപര്യമിതാണ്: ഭാഷാ വിശാരദരും സാഹിത്യ വല്ലഭരുമായ അറബികൾക്കു തന്നെ അതുപോലൊന്ന് രചിക്കാനാവുന്നില്ല. കഴിയുമെങ്കിൽ അതൊന്ന് ചെയ്തു കാണിക്കുക എന്ന് ഖുർആൻ നടത്തിയ വെല്ലുവിളി ആരും സ്വീകരിച്ചിട്ടുമില്ല. ഖുർആൻ വചനങ്ങളുടെ ഗരിമയും ശൈലീഭംഗിയും അതുൾക്കൊള്ളുന്ന വിശാലമായ അർഥതലങ്ങളും പൊരുളുകളും പ്രാപിക്കാൻ നിങ്ങളുടെ പണ്ഡിതവര്യന്മാർക്കും പ്രഭാഷണ വല്ലഭർക്കും കവി പ്രവരന്മാർക്കും വരെ കഴിയുന്നില്ലെന്നിരിക്കെ ഭാഷാ പരിജ്ഞാനം പോലുമില്ലാത്ത ഈ അടിമകൾക്ക് ഏങ്ങനെ കഴിയാനാണ്?

യഥാർഥ പ്രശ്നം ഈ വേദം അല്ലാഹുവിങ്കൽ നിന്നുള്ളതാണെന്ന് ബോധ്യമാകാത്തതോ ഏതോ മനുഷ്യരാൽ തന്നെ പഠിപ്പിക്കപ്പെടുന്നതാണെന്ന സംശയമോ ഒന്നുമല്ല; ദൈവിക സൂക്തങ്ങളിൽ വിശ്വസിക്കാൻ അവർ തയാറില്ല എന്നതാണ്. വിശ്വസിക്കാൻ എന്നതുകൊണ്ടുദ്ദേശ്യം കേവലമായ അംഗീകരണമല്ല. ആ സൂക്തങ്ങളുടെ താൽപര്യമനുസരിച്ച് ജീവിതം ക്രമീകരിക്കുക എന്നുകൂടിയാണ്. ദൈവശാസനകളനുസരിച്ച് ജീവിക്കാൻ ഭൗതിക താൽപര്യങ്ങളും ദേഹേഛകളും നിയന്ത്രിക്കേണ്ടി വരും. അതിനവർ തയാറല്ല. ന്യായമാകട്ടെ, അന്യായമാകട്ടെ, ധർമമാകട്ടെ, അധർമമാകട്ടെ ഭൗതിക താൽപര്യങ്ങളെല്ലാം സംരക്ഷിച്ചുകൊണ്ടും ദേഹേഛകളെല്ലാം പൂർത്തീകരിച്ചു കൊണ്ടുമുള്ള കടിഞ്ഞാണില്ലാത്ത ജീവിതമാണവരാഗ്രഹിക്കുന്നത്. അതുകൊണ്ട് അല്ലാഹു അനുശാസിക്കുന്ന വിശ്വാസങ്ങളും ധർമങ്ങളും കള്ളമെന്നും മിഥ്യയെന്നും ആരോപിച്ച് തള്ളിക്കളയുന്നു. ഈ വിധം അസത്യത്തിന്റെയും അധർമത്തിന്റെയും വഴി സ്വയം തെരഞ്ഞെടുത്തവരെ ആ വഴിക്കു തന്നെ വിടുകയാണ് അല്ലാഹുവിന്റെ രീതി. അവരെ ബലാൽക്കാരം സത്യത്തിലേക്ക് നയിക്കുക അവന്റെ രീതിയല്ല. എന്നാൽ അക്രമത്തിലും അധർമത്തിലും ആറാടി രസിച്ചു മദിച്ചു ജീവിച്ചവർ ജയിച്ചുവെന്നു വ്യാമോഹിക്കേണ്ട. പാപ പങ്കിലമായ ഈ ഭൗതിക ജീവിതം അത്യന്തം ദാരുണവും ദുരിതമയവുമായ പാരത്രിക ജീവിതത്തിലേക്കാണവരെ നയിച്ചുകൊണ്ടിരിക്കുന്നത്.

**105.** കഴിഞ്ഞ നൂറ്റി ഒന്നാം സൂക്തത്തിൽ പ്രതിയോഗികൾ പ്രവാചകനെ കള്ളം കെട്ടിച്ചമക്കുന്നവനെന്ന് വിശേഷിപ്പിക്കുന്നത് പരാമർശിച്ചിരുന്നുവല്ലോ. അതു സൂചിപ്പിച്ചുകൊണ്ട് പറയുകയാണ്: യഥാർഥത്തിൽ കള്ളങ്ങൾ കെട്ടിച്ചമക്കുന്നത് ദൈവിക സൂക്തങ്ങൾ അംഗീകരിക്കാൻ കൂട്ടാക്കാത്തവരാണ്. പ്രവാചകനെ മന്ത്രവാദിയെന്നും കവിയെന്നും ആരിൽനിന്നോ കേട്ട് പഠിച്ച് പ്രസംഗിക്കുന്നവൻ എന്നുമൊക്കെ ആരോപിക്കുന്നത് അവർ കെട്ടിച്ചമക്കുന്ന കള്ളങ്ങളല്ലാതെ മറ്റൊന്നുമല്ല. വാസ്തവത്തിൽ ദൈവിക സന്മാർഗം ഗ്രഹിക്കാനുള്ള ഒരേയൊരു മാധ്യമമാണ് ദൈവിക സൂക്തങ്ങൾ. പക്ഷേ അവർ സ്വയം ഒരു ധർമ വ്യവസ്ഥ കെട്ടിച്ചമച്ച് അത് അല്ലാഹുവിന്റെ ദീനാണെന്ന് ജൽപിക്കുകയാണ്. തികച്ചും കൃത്രിമമാണാ മതം. അതിന്റെ ഉപജ്ഞാതാക്കൾ തികഞ്ഞ വ്യാജരുമാകുന്നു. ■